"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ്- കരമന-കളിയിക്കാവിള പഴയ ദേശീയപാത 47 വികസനം- ഭൂമി ഏറ്റെടുക്കൽ- ബഹു. തിരുവനന്തപുരം ജില്ലാ കോടതിയുടെ LAR 34/2017 കേസിലെ ഉത്തരവ്, തിരുവനന്തപുരം അഡീഷണൽ സബ് കോടതിയുടെ LAR 127/2015 കേസിലെ ഉത്തരവ് - നഷ്ടപരിഹാര തുക ഒടുക്കൽ- ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

പൊതുമരാമത്ത് (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.355/2026/PWD തിരുവനന്തപുരം,തീയതി, 09-03-2026

---

പരാമർശം:-
1. സഉ(സാധാ)നം.1470/2013/PWD തീയതി 08.11.2013
2. സഉ(അച്ചടി)32/2019/ധന തീയതി 18.03.2019
3. സഉ(സാധാ)നം.730/2019/PWD തീയതി 13.06.2019
4. സഉ(സാധാ)നം.961/2020/PWD തീയതി 24.11.2020
5. സഉ(സാധാ)നം.1732/2025/PWD തീയതി 05.11.2025
6. സഉ(സാധാ)നം.1802/2025/PWD തീയതി 14.11.2025
7. സഉ(സാധാ)നം.1835/2025/PWD തീയതി 28.11.2025
8. സഉ(സാധാ)നം. 7/2026/PWD തീയതി 03.01.2026
9. സഉ(സാധാ)നം. 148/2026/PWD തീയതി 06.02.2026
10. സഉ(സാധാ)നം. 296/2026/PWD തീയതി 28.02.2026
11. ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ 06.01.2026 ലെ CEPWD/18625/2025-C3(F)-NH നം. കത്ത്.
12. ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ 27.01.2026 ലെ CEPWD/19293/2023-C3(F)-NH നം. കത്ത്.

**ഉത്തരവ്**

കരമന കളിയിക്കാവിള പഴയ ദേശീയപാത 47 ന്റെ Ch.570 / 000 മുതൽ 599/000 വരെ വീതികൂട്ടുന്നതിനായി പരാമർശം 1 ലെ ഉത്തരവ് പ്രകാരം 74 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പുതുക്കിയ ഭരണാനുമതി റദ്ദ് ചെയ്തതിനെത്തുടർന്ന് കരാറുകാരൻ കോടതിയെ

സമീപിക്കുകയും, ബഹുമാനപ്പെട്ട കോടതിയുടെ നിർദ്ദേശത്തെത്തുടർന്ന് പരാമർശം 3 പ്രകാരം **98,39,19,526/-** രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. കോടതി നിർദ്ദേശപ്രകാരം പുറപ്പെടുവിച്ച പരാമർശം 4 ഉത്തരവ് ഉൾപ്പെടെ കരമന കളിയിക്കാവിള പഴയ ദേശീയപാത വീതികൂട്ടലുമായി ബന്ധപ്പെട്ട് ആകെ **113,27,31,190/-** രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

**2.** കരമന കളിയിക്കാവിള പഴയ ദേശീയപാത **47** ന്റെ വീതികൂട്ടലുമായി ബന്ധപ്പെട്ട എൽ.എ.ആർ കേസുകളിലെ കോടതി വിധി പ്രകാരം അനുവദിക്കാനുള്ള തുക ഉൾപ്പെടുത്തി പരാമർശം **10** ലെ ഉത്തരവ് പ്രകാരം മേൽ പ്രവൃത്തിക്ക് **140,17,78,418/-** രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന **LAR** കേസുകളിൽ തിരുവനന്തപുരം ജില്ലാ കോടതിയുടെ/അഡീഷണൽ സബ്കോടതിയുടെ ഉത്തരവ് പ്രകാരം **3,11,20,459/-** രൂപ അനുവദിക്കണം എന്ന് പരാമർശിത കത്തുകൾ പ്രകാരം ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

| | | |
|---|---|---|
| **34/2017** | തിരുവനന്തപുരം ജില്ലാ കോടതി | **34,08,087/-** |
| **127/2015** | അഡീഷണൽ സബ് കോടതി | **2,77,12,372/-** |
| | ആകെ | **3,11,20,459/-** |

**3.** ഈ സാഹചര്യത്തിൽ **LAR 34/2017, 127/2015** കേസുകളിൽ തിരുവനന്തപുരം ജില്ലാ കോടതിയുടെ/അഡീഷണൽ സബ്കോടതിയുടെ ഉത്തരവ് പ്രകാരം ഒടുക്കാനുള്ള **3,11,20,459/-** രൂപ ( മൂന്ന് കോടി പതിനൊന്ന് ലക്ഷത്തി ഇരുപതിനായിരത്തി നാനൂറ്റി അൻപത്തൊൻപത് രൂപ മാത്രം) ഉൾപ്പെടുത്തി കരമന കളിയിക്കാവിള പഴയ ദേശീയപാത **47** ന്റെ **Ch.570 / 000** മുതൽ **599/000** വരെ വീതികൂട്ടുന്ന പ്രവൃത്തിക്ക് **143,28,98,877/-** രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

**4.** **LAR** കേസുകൾ തീർപ്പാക്കാൻ അനുവദിച്ച **3,11,20,459/-** രൂപ **'5054-01-800-97**-പി (സി)' എന്ന ശീർഷകത്തിൽ വകയിരുത്തപ്പെട്ട തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിത എം
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, തിരുവനന്തപുരം.
എക്സി.എഞ്ചിനീയർ (ദേശീയപാതാ)പൊതുമരാമത്ത് വകുപ്പ്, കൊല്ലം

ജില്ലാകളക്ടർ, തിരുവനന്തപുരം.
ധന വകുപ്പ് (No. INPWC1/23/2026-FIN (E 3420576)തിയതി 13.02.2026)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 09-03-2026 15:42:20

സെക്ഷൻ ഓഫീസർ